# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2506 | 05/11/2019-ൽ മറുപടിക്ക്

## ചെറുകിട ജലവൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ**<br>**,, ബി.ഡി. ദേവസ്സി**<br>**,, ജോർജ് എം. തോമസ്**<br>**,, എസ്.രാജേന്ദ്രൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഉണ്ടാകുന്ന ഊർജ്ജ പ്രതിസന്ധിയ്ക്ക് പരിഹാരമായി ചെറുകിട ജലവൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉണ്ടാകുന്ന ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി ഇതുവരെ ആകെ 12.6 മെഗാവാട്ട് വൈദ്യുതി ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉത്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര വൈദ്യുതോൽപാദനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വെള്ളത്തൂവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു. ചിന്നാർ (24 മെഗാവാട്ട്), പഴശ്ശിസാഗർ (7.5 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്), അപ്പർ കല്ലാർ (2 മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു.<br>ഇ.എം.സി യിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രമോഷൻ സെൽ വഴി സ്വകാര്യ സംരംഭകർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് ബൂട്ട് അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് വരുന്നുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ |

| | | | |
|---|---|---|---|
| | | | വന്നശേഷം സ്വകാര്യ സംരംഭകർ വഴി വൈദ്യുതി ഉത്പാദനം ആരംഭിച്ച പദ്ധതികളാണ് 8 MW ന്റെ പാതംകയം വൈദ്യുത പദ്ധതിയും, 4.5 MW കാരിക്കയം രണ്ടാം ഘട്ടവും. 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി നൽകി.<br>ഇടുക്കി ജില്ലയിലെ മറയൂരിനടുത്തുള്ള ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ 4 കിലോ വാട്ടിന്റെ മൈക്രോ ഹൈഡ്രോ ജലവൈദ്യുതി ഉപയോഗിച്ച് മൈക്രോ ഗ്രിഡ് സംവിധാനം നടപ്പിലാക്കി വൈദ്യുതീകരിച്ചു.<br>MNRE യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷി വരുന്ന 25 പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി. |
| (ബി) | സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജല വൈദ്യുത പദ്ധതികളിൽ എത്ര പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) & (സി) | ഇപ്പോൾ സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജലവൈദ്യുത പദ്ധതികൾ ഒന്നും തന്നെ മുടങ്ങികിടക്കുന്നില്ല. 2015-മുതൽ മുടങ്ങികിടന്നിരുന്ന ജലവൈദ്യുത പദ്ധതികളായ 6–മെഗാവാട്ടിന്റെ ചാത്തൻകോട്ടുനട–II, 60–മെഗാവാട്ടിന്റെ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി, 40–മെഗാവാട്ടിന്റെ തോട്ടിയാർ പദ്ധതി എന്നിവ പുനരാരംഭിച്ചത് മൂലം ആകെ (106 മെഗാവാട്ട്) ഉല്പാദിപ്പിക്കുവാൻ സാധിക്കും. |
| (സി) | പ്രസ്തുത ജലവൈദ്യുത പദ്ധതികളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പുരോഗതി യഥാസമയം വിലയിരുത്തുന്നതിനും അവ ത്വരിത ഗതിയിൽ പൂർത്തിയാക്കി ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി പ്രോജക്റ്റ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം തുടർന്നു വരുന്നു. ഇതിനു പുറമേ പദ്ധതികളുടെ നിർമ്മാണ പുരോഗതി വിവിധ തലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. പദ്ധതികളുടെ നിർമ്മാണ പുരോഗതി ഉറപ്പു വരുത്തുന്നതിന് ഒരു പ്രോജക്റ്റ് മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br>പ്രോജക്റ്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ നിരന്തരം നടത്തുകയും |

| | | | |
|---|---|---|---|
| | | | പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. കൂടാതെ പദ്ധതി നിർമ്മാണത്തിന് ആവശ്യമായ സാധന സാമഗ്രികളുടേയും തൊഴിലാളികളുടേയും ലഭ്യത ഉറപ്പ് വരുത്തുന്നതിന് തുടർച്ചയായി സൈറ്റ് മീറ്റിംഗുകളും പരിശോധനയും നടത്തി നിർമ്മാണ പുരോഗതികൾ ഉറപ്പ് വരുത്തുന്നു.<br>നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ എല്ലാ ഘട്ടങ്ങളും വിലയിരുത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റ് അനുമതികൾക്കും തടസ്സം നേരിടുന്നപക്ഷം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഹൈ ലെവൽ കമ്മിറ്റി കൂടി തടസ്സം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ